# തിരുവിതാംകൂർ ദേവസ്വം ബോർഡ്

പമ്പ ദേവസ്വത്തിലെ കൊല്ലവർഷം **1201**-ലെ മണ്ഡലം - മകരവിളക്ക് മേടവിഷു എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് പമ്പ ദേവസ്വം മെസ്സിൽ ആഹാരം പാകപ്പെടുത്തി വിതരണം നടത്തി നൽകുന്നതിലേക്കുള്ള ഇ-ടെൻഡർ നിബന്ധനകൾ.

പമ്പ ദേവസ്വത്തിലെ കൊല്ലവർഷം **1201** -ലെ മണ്ഡലം - മകരവിളക്ക്, മേടവിഷു മാസപൂജ അടിയന്തിരങ്ങളോടനുബന്ധിച്ച് ഈ പരസ്യത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ള കരാറുകാരിൽ നിന്നും ടെൻഡറുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. ടെൻഡർ സംബന്ധിച്ച വിശദവിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം ടെന്ററിൽ പങ്കെടുക്കുന്നവർ https:/etenderes.kerala.gov.in എന്ന ടെന്റർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ടെന്ററുകൾ ശ്രദ്ധാപൂർവ്വം കോട്ട് ചെയ്യുണ്ടതുക നിയമാനുസൃതം കോട്ട് ചെയ്ത് ഓൺലൈനായി അയക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെന്റർ സമർപ്പിക്കുന്നവരുടെ ഐഡി പ്രൂഫിന്റെ (ആധാർ, സ്കാൻഡ് കോപ്പി മൊബൈൽ നമ്പർ ഉൾപ്പെടെ ചേർത്തിരിക്കണം) സാധനങ്ങൾ പാകപ്പെടുത്തി നൽകുന്നതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവർക്ക് **fssai** ലൈസൻസ്, ജി.എസ്.ററി രജിസ്ട്രേഷൻ, ഇൻകം ടാക്സ് റിട്ടേൺസ് (**2024-25 AY**) എന്നിവ നിർബന്ധമായും ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കുത്തക ഏറ്റെടുക്കുന്ന ആൾ ടി മേഖലയിൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തി പരിചയമുള്ളവരായിരിക്കണം. ആയതിന്റെ ആധികാരിക രേഖകൾ (സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ / വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ മെസ്സ് / കാന്റീൻ നടത്തി മുൻപരിചയം ഉള്ളവർ ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റും / ഹോട്ടൽ /കാറ്ററിംഗ് നടത്തി മുൻപരിചയം ഉള്ളവർ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റും) ടെന്ററിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. ടെന്ററിൽ പങ്കെടുക്കുന്ന വ്യക്തി / സ്ഥാപനങ്ങളുടെ പ്രാപ്തി, യോഗ്യത എന്നിവ വിജിലൻസ് വിഭാഗം പരിശോധിക്കുന്നതും ആയതിൽ അയോഗ്യതകൽപ്പിക്കുന്ന പക്ഷം ടി ടെന്റുകാരെ ഒഴിവാക്കുന്നതുമായിരിക്കും.
3. പമ്പ ദേവസ്വത്തിലെ മെസ്സിൽ നിന്നും ദേവസ്വം ബോർഡ് ആഫീസിലെ 01-11-2024 ലെ ആർ.ഒ.സി 13153/2018/ശബ നമ്പർ ഉത്തരവായുള്ള മെസ്സ് മെനു അനുസരിച്ച് പമ്പ ദേവസ്വം

മെസ്സിൽ ആഹാരം പാകപ്പെടുത്തി വിതരണം ചെയ്യുന്നതിന് ആളൊന്നിന് ഉള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്. മെസ്സിൽ നിന്നും ഓരോ ദിവസവും വിതരണം ചെയ്യേണ്ട ഭക്ഷണത്തിന്റെ ഇനവും, തൂക്കവും, എണ്ണവും, അളവും ആളൊന്നിന് അനുവദിച്ചിട്ടുള്ള നിരക്കും പട്ടികയായി ചുവടെ ചേർത്തിട്ടുള്ളതാകുന്നു.

**4.** കരാറുകാരൻ അതാത് ദിവസം നിശ്ചയിച്ചിട്ടുള്ള മെനു അനുസരിച്ച് ഉയർന്ന ഗുണനിലവാരമുള്ള ഭക്ഷണം പാകപ്പെടുത്തി മെസ്സിൽ ഭക്ഷണവിതരണത്തിന് നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ആഫീസറുടേയും ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് പരാതി രഹിതമായി മെസ്സ് ഹാളിലും പാഴ്സലായും മെസ്സ് കാർഡിന്റെ അടിസ്ഥാനത്തിൽ ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. ഭക്ഷണം പാകപ്പെടുത്തുന്നതിന് കൃത്രിമരുചിക്കൂട്ടുകളോ, കളറുകളോ, നിരോധിതവസ്തുക്കളോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

**5.** ഇ-ടെൻഡറുകൾ **22-08-2025** രാവിലെ **11.00** മണിയ്ക്ക് മുമ്പായി etenders.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെൻഡറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**6.** ടെൻഡറിനൊപ്പം **3,00,000/-** രൂപ നിരതദ്രവ്യം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കരാറുകാർ അവരുടെ ആധാർ കാർഡിന്റെ സ്കാൻഡ് കോപ്പി, മൊബൈൽ നമ്പർ ഉൾപ്പെടെ ടെന്ററിനൊപ്പം സമർപ്പിക്കേണ്ടതാണ്.

**7.** ടെൻഡർ **23-08-2025**-ാം തീയതി രാവിലെ **11.00** മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് തുറന്ന് പരിശോധിക്കുന്നതാണ്.

**8.** നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**9.** ടെൻഡറിൽ ആളോന്നിന് ഭക്ഷണം പാകപ്പെടുത്തി വിതരണം ചെയ്യുന്നതിന് എല്ലാ നികുതികളും അടക്കമുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.

**10.** ടെൻഡർ നിരക്കുകൾ കൊല്ലവർഷം **1201** - ലെ ഉത്സവങ്ങളുടെ കാലയളവ് (കൊല്ലവർഷം **1201 വൃശ്ചികം 1 മുതൽ 1202 തുലാം 30** വരെ)മുഴുവൻ ബാധകമായിരിക്കുന്നതാണ്.

**11.** മെസ്സ് നടത്തിപ്പിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ക്രമീകരണങ്ങളും നിലവിലുള്ള ക്രമത്തിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ച് നൽകുന്നതും കൂടുതലായി വേണ്ടിവരുന്ന ക്രമീകരണങ്ങൾ കരാറുകാരൻ ടിയാന്റെ പരിപൂർണ്ണമായ ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം അധികമായി ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾക്ക് ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

**12.** ടെൻഡർ അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടി വച്ച് അതത് ദേവസ്വം മെസ്സ് നടത്തിപ്പിനാവശ്യമായ സാധനങ്ങൾ കരാറുകാരന്റെ പരിപൂർണ്ണമായ ചെലവിൽ എത്തിച്ച് അതാത് ഇടങ്ങളിൽ സംഭരിക്കാൻ അനുവദിച്ച് നൽകുന്ന സ്റ്റോറിൽ കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്. അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത നിരക്ക് ക്വോട്ട്

ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റുതരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണമായ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വീഴ്ച വരുത്തിയ ടെൻഡറുകാരൻ മാത്രം പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതും ആയത് കരാറുകാരന്റെ സ്ഥാവരജംഗമവസ്തുക്കളിൽ നിന്നടക്കം നിയമപരമായി ഈടാക്കുന്നതുമായിരിക്കും.

**13.** മെസ്സ് നടത്തുന്നതിനായി ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ച് നൽകുന്ന കെട്ടിടങ്ങൾക്കും അനുബന്ധസാമഗ്രികളും കേടുപാടുകൾ കൂടാതെ കരാർ കാലാവധി പൂർത്തികരിക്കുന്ന മുറയ്ക്ക് ശബരിമല എക്സിക്യൂട്ടീവ് ആഫീസറെ ബോധ്യപ്പെടുത്തി ഏൽപ്പിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. മറിച്ച് എതെങ്കിലും തരത്തിലുള്ള കേടുപാടുകളോ/നഷ്ടങ്ങളോ വരുത്തുന്നപക്ഷം ആയതിലൂടെ ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തി കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

**14.** ഭക്ഷണം പാകപ്പെടുത്തുന്നതിനും പാചകഅനുബന്ധത്തിനും മറ്റും യോഗ്യരായ മുൻപരിചയമുള്ള തൊഴിലാളികളെ മതിയായ ക്രമത്തിൽ കരാറുകാരന്റെ സ്വന്തം ചെലവിൽ നിയോഗിക്കേണ്ടതും ഇപ്രകാരം നിയോഗിക്കുന്ന തൊഴിലാളികൾക്ക് ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള ഹെൽത്ത്കാർഡ്, ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ലായെന്നുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും ആയത് ആവശ്യപ്പെടുന്നമുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ ഹാജരാക്കേണ്ടതുമാണ്. നിയോഗിക്കപ്പെടുന്ന തൊഴിലാളികൾ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടേയും ആരോഗ്യവകുപ്പ്/ഭക്ഷ്യസുരക്ഷ വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതും എല്ലാവിഭാഗം പരിശോധനഉദ്യോഗസ്ഥരുടെയും പരിശോധനയ്ക്ക് കരാറുകാരൻ തടസ്സവാദം ഉന്നയിക്കുവാൻ പാടില്ലാത്തതുമാണ്. ഡിപ്പാർട്ട്മെന്റിൽ നിന്നും തെരെഞ്ഞെടുത്തിട്ടുള്ള തൊഴിലാളികളെ (ദിവസവേതനം, പലവേല) ടി പ്രവർത്തിക്കൾക്ക് നിയോഗിക്കേണ്ട സാഹചര്യം സംജാതമായാൽ ഓരോ വിഭാഗത്തിനും ഡിപ്പാർട്ട്മെന്റിൽ നിന്നും നിശ്ചയിച്ചിട്ടുള്ള വേതനം കണക്കാക്കി കരാറുകാരന് നൽകുവാനുള്ള തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.

**15.** മെസ്സുമായി ബന്ധപ്പെട്ട് ജോലിനോക്കുവാൻ നിയോഗിക്കപ്പെടുന്ന എല്ലാജീവനക്കാരും കൃത്യനിഷ്ഠയോടും, വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയും കൈയിൽ കൈയ്യുറയും ധരിക്കേണ്ടതുമാണ്. ടി വ്യക്തികൾ ഉദ്യോഗസ്ഥരോടും ഭക്ഷണം കഴിക്കാൻ എത്തുന്ന എല്ലാ വിഭാഗം ആൾക്കാരോടും മാന്യമായി പെരുമാറേണ്ടതുമാണ്. ജീവനക്കാർ യാതൊരുവിധ ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തതും താമസത്തിന് അനുവദിച്ച് നൽകുന്ന സ്ഥലത്ത് സൂക്ഷിക്കുവാൻ പാടില്ലാത്തതുമാണ്. മേൽവിവരിച്ച വ്യവസ്ഥകൾ എല്ലാ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

**16.** ഭക്ഷണം പാകപ്പെടുത്താൻ ഉപയോഗിക്കുന്ന ഇടങ്ങളും പാത്രങ്ങളും ഭക്ഷണം വിതരണം ചെയ്യുവാൻ അനുവദിച്ചിട്ടുള്ള ഇടവും ആയതിന് ഉപയോഗിക്കുന്ന അനുബന്ധസാധനസാമഗ്രികളും വൃത്തിയായി സൂക്ഷിക്കേണ്ടതാണ് ആയതും കരാറുകാരൻ ഉറപ്പ് വരുത്തുവാൻ ബാദ്ധ്യസ്ഥനാണ്.

**17.**പലചരക്ക് സാധനങ്ങളുടെ ഗുണനിലവാരം ആവശ്യമാണെന്ന് കാണുന്ന പക്ഷം പമ്പയിൽ പ്രവർത്തിക്കുന്ന ഫുഡ് സേഫ്റ്റി ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

**18.**നിയോഗിക്കപ്പെടുന്ന ജീവനക്കാർ ഈശ്വരവിശ്വാസികളും ക്ഷേത്രആചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവരും ആയിരിക്കണം. ടി ആളുകൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ താൽക്കാലിക തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്.

**19.**ടെൻഡർ ലഭിക്കുന്ന വ്യക്തി കുത്തക അവകാശം സംബന്ധിച്ച് എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ സ്വന്തം പേരിലുള്ള വസ്തുവിന്റെ തന്നാണ്ട് കരം തീർത്ത രസീതും, കൈവശാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുമാണ്.

**20.**പമ്പ അഡ്മിനിസ്ട്രേറ്റീവ് ആഫീസിൽ നിന്നും മുറപ്രകാരം ലഭിക്കുന്ന മെസ്സ് അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ആഫീസറുടെ നിർദ്ദേശം അനുസരിച്ച് ഭക്ഷണം പാകപ്പെടുത്തി വിതരണം ചെയ്യേണ്ടതും, ബന്ധപ്പെട്ട വിഭാഗങ്ങളിൽ നിന്നും ഭക്ഷണവും മറ്റും നിഷ്കർഷിച്ചിട്ടുള്ള സമയക്രമത്തിൽ അല്ലാതെ ആവശ്യപ്പെടുന്ന വേളകളിൽ യാതൊരു തടസ്സവാദവും ഉന്നയിക്കാതെ ആയത് ലഭ്യമാക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

**21.**പമ്പയിൽ കീഴ്പതിവായി സദ്യനടത്തിവരുന്ന ദിവസങ്ങളിൽ(രണ്ട് ദിവസം) ഡിപ്പാർട്ട്മെന്റിൽ നിന്ന് നിശ്ചയിക്കുന്ന വിഭവങ്ങൾ ഉൾപ്പെടുത്തി ഡിപ്പാർട്ട്മെന്റിൽ നിന്നും നിശ്ചയിക്കുന്ന നിരക്കിൽ സദ്യനടത്തി നൽകുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

**22.**ആളൊന്നിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുക എന്ന ക്രമത്തിൽ കരാറുകാരൻ ടെൻഡർ സമർപ്പിക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റിൽ നിന്നും നിശ്ചയിച്ചിട്ടുള്ള പരമാവധി നിരക്കിൽ അധികരിച്ച് തുക ക്വോട്ട് ചെയ്യുന്ന പക്ഷം ഇപ്രകാരമുള്ള ടെൻഡറുകൾ നിരാകരിക്കുന്നതാണ്.

**23.**പമ്പ ദേവസ്വം മെസ്സിൽ ഭക്ഷണം പാകപ്പെടുത്തി വിതരണം ചെയ്യുവാൻ അവകാശം ലഭിക്കുന്ന കരാറുകാരന്/ഏജൻസിക്ക് പ്രതിദിനം ആൾ ഒന്നിന് പരമാവധി **72**/- രൂപയിൽ കൂടുതൽ ചിലവെഴുതി നൽകുന്നതല്ല. (സദ്യവട്ടമുള്ള ദിവസങ്ങളിൽ ആളൊന്നിന് 50/- രൂപ ക്രമം അധികമായി അനുവദിക്കുന്നതാണ്.) പാചകവാതകം(ഗ്യാസ്) ഡിപ്പാർട്ട്മെന്റിൽ നിന്നും നിയോഗിച്ചിട്ടുള്ള എജൻസിയിൽ നിന്നും, ഡീസൽ ഡിപ്പാർട്ട്മെന്റ് ഉടമസ്ഥതയിലുള്ള പമ്പിൽ നിന്നും എടുത്ത് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ വില സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ മുറപ്രകാരം കരാറുകാരന് നൽകുവാനുള്ള ബില്ലിൽ നിന്നും കുറവ് ചെയ്ത് മാത്രമേ തുക അനുവദിച്ച് നൽകുകയുള്ളൂ.

**24.**കുത്തകകാർക്ക് /ടെൻഡർകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

**25.**ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

**26.**പമ്പ അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിരതദ്രവ്യം തിരികെ നൽകുകയുള്ളൂ.

**27.**കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

## ഭക്ഷണവിവരവും, വിതരണസമയവും വിവരിക്കുന്ന പട്ടിക

| സമയം | ദിവസങ്ങൾ | ഇനം | അളവ്/എണ്ണം | റിമാർക്സ് |
|---|---|---|---|---|
| വെളുപ്പിന് **4.30AM** മുതൽ **6.00AM** വരെ | എല്ലാ ദിവസങ്ങളിലും | കടുംകാപ്പി/കടുംചായ | **150ML** | |
| പ്രഭാതഭക്ഷണം (**7.00AM** മുതൽ **9.30 AM** വരെ) | ഞായറാഴ്ച മുതൽ ശനിയാഴ്ചവരെ | ഇഡ്ഢലി/ദോശ-സാമ്പാർ/ചമ്മന്തി, ഉപ്പുമാവ്(സൂചിഗോതമ്പ്, റവ) - കടലക്കറി/ചെറുപയർ, പപ്പടം, ചപ്പാത്തി/പൂരി - ഗ്രീൻപീസ് കറി/വെജിറ്റബിൾ കറി, ചായ | ജീവനക്കാർക്ക് ഇഡ്ഡലി , ദോശ, ചപ്പാത്തി, പൂരി എന്നിവ പരമാവധി ആറെണ്ണവും/വിശുദ്ധിസേനാംഗങ്ങൾക്ക് എട്ടെണ്ണവും ഉപ്പുമാവ് പരാമവധി **300Gram** ൽ കുറയാതെയും, കറികൾ ആവശ്യാനുസരണവും **150ML** ചായയും നൽകേണ്ടതാണ്. | ഇഡ്ഡലി , ദോശ, ചപ്പാത്തി, പൂരി, എന്നിവയ്ക്ക് ഒന്നിന് **50Gram** ൽ കുറയാതെ തൂക്കമുണ്ടായിരിക്കേണ്ടതാണ്. മെസ്സ് ഹാളിലും പാഴ്സലായും ഇതേ ക്രമത്തിൽ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യേണ്ടതാണ്. |
| ഉച്ചഭക്ഷണം (**12.00 NOON** മുതൽ **2.30PM** വരെ) | ഞായറാഴ്ച മുതൽ ശനിയാഴ്ചവരെ | ചാക്കരിചോറ്, സാമ്പാർ/പുളിശ്ശേരി/വെള്ളരിയ്ക്കമാങ്ങക്കറി/ പരിപ്പ്പപ്പടം/തക്കാളിക്കറി/എരിശ്ശേരി/ രസം/മോര് എന്നീ ഒഴിച്ച് കറികളും , അവിയൽ, കൂട്ടുകറി,ക്ക തീയ്യൽ,പച്ചടി , കിച്ചടി, സോയാബീൻകറി, സാലാഡ് എന്നീ തൊടുകറികളും, തോരൻ/മെഴുക്കുപുരട്ടി, അച്ചാർ, ഉപ്പ്, ഔഷധകുടിവെള്ളം | പരമാവധി 180ഗ്രാം അരിയുടെ ചോറും ആവശ്യാനുസരണം ഒഴിച്ചുകറിയുംമറ്റ് വിഭവങ്ങളുംകുടിവെള്ളവുംനൽകേണ്ടതാണ്. | സദ്യനിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ കുത്തരിച്ചോറും സദ്യവട്ടവും വിതരണം ചെയ്യേണ്ടതാണ്. മെസ്സ് ഹാളിലും പാഴ്സലായും ഇതേ ക്രമത്തിൽ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യേണ്ടതാണ്. |
| **3.30 PM** മുതൽ **5.00 PM** മണിവരെ | ഞായറാഴ്ച മുതൽ ശനിയാഴ്ചവരെ | ചായ | പരമാവധി **150ML** ചായ വിതരണം ചെയ്യേണ്ടതാണ്. | മെസ്സ് ഹാളിലും പാഴ്സലായും ഇതേ ക്രമത്തിൽ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യേണ്ടതാണ്. |
| അത്താഴഭക്ഷണം (**7.00 PM** മുതൽ **9.30 PM** വരെ) | ഞായറാഴ്ച മുതൽ ശനിയാഴ്ചവരെ | കുത്തരികഞ്ഞി,ചെറുപയർതോരൻ/ വൻപയർ തോരൻ/ പുഴുക്ക്/ അസ്ത്രം, അച്ചാർ, തൈര് മുളക്/ കൊണ്ടാട്ടം ചപ്പാത്തി,വെജിറ്റബിൾ/ഗ്രീൻപീസ്/ സോയബീൻകറി | **125Gram** കുത്തരികഞ്ഞിയോടൊപ്പം തോരൻ, അച്ചാർ, തൈരുമുളക്, ഉപ്പ് എന്നിവ ആവശ്യാനുസരണം നൽകേണ്ടതും ജീവനക്കാർക്ക് ചപ്പാത്തി പരമാവധി ആറെണ്ണവും വിശുദ്ധിസേനാംഗങ്ങൾക്ക് പരമാവധി എട്ടെണ്ണവും വെജിറ്റബിൾ കറിയും നൽകേണ്ടതാണ്. | മെസ്സ് ഹാളിലും പാഴ്സലായും ഇതേ ക്രമത്തിൽ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യേണ്ടതാണ്. |

**മേൽ വിവരിച്ച വിഭവങ്ങൾ ഉൾപ്പെടുത്തി നിഷ്കർഷിച്ചിട്ടുള്ള സമയങ്ങളിൽ ഭക്ഷണം പാകപ്പെടുത്തി വിതരണം ചെയ്യുന്നതിന് പരമാവധി അനുവദിച്ച് നൽകുന്ന തുക ആളൊന്നിന് 72/-രൂപ മാത്രം.** സദ്യവട്ടമുള്ള ദിവസങ്ങളിൽ ആളൊന്നിന് 50/- രൂപ ക്രമം അധികമായി അനുവദിക്കുന്നതാണ്.

(ഒപ്പ് )

ROC 4129/25/SAB
07/08/2025

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി